**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2209** **11-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നവംബർ മാസത്തിൽ വിളവെടുപ്പ് ആരംഭിക്കുന്ന കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ നെല്ല് ശേഖരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളും മുൻകരുതലുകളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2021-22 സീസണിൽ ഇതുവരെ 48 മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കുട്ടനാട്ടിലെ നെല്ല് സംഭരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനടക്കം ആലപ്പുഴ ജില്ലയിലേയ്ക്ക് 3 പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലേയ്ക്ക് 9 പ്രൊക്യൂർമെൻറ് അസിസ്റ്റൻറുമാരെയും നിയമിക്കുവാനുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ 2021-22 സീസണിലെ നെല്ല് സംഭരണത്തിനായുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ നടപടികൾ 16.08.2021 തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിൻറെ ഭാഗമായി പാടത്ത് കൊയ്ത്ത് ആരംഭിച്ചാൽ ഉടൻതന്നെ നെല്ല് സംഭരിക്കുന്നതിനുള്ള മില്ലുകൾ അലോട്ട് ചെയ്ത് നൽകുകയും സംഭരണത്തിന് തയ്യാറായ നെല്ല് പരിശോധിച്ച് തൊട്ടടുത്ത ദിവസം തന്നെ സംഭരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ